ഉത്തരം

(എ) പഴയകുന്നുമ്മേൽ പഞ്ചായത്തിൽ ഒരു റോഡും നഗരൂർ പഞ്ചായത്തിൽ 3 റോഡുകളും കിളിമാനൂർ പഞ്ചായത്തിൽ 3 റോഡുകളും എൻ.ആർ.ഇ.പി. യിൽ ഏറെറടുത്തിട്ടുണ്ട്. അവ വട്ടവാഘ ജംഗ്ഷൻ-ആറൂർ റോഡ് (പഴയകുന്നുമ്മേൽ പഞ്ചായത്ത്), കണ്ണങ്കര-പനപ്പടംകുന്ന് റോഡ്, വട്ടക്കാട്-ചാവരുപച്ചറോഡ്, ഇരുളുപച്ച-പുളിയമ്പള്ളിക്കോണം റോഡ് (കിളിമാനൂർ പഞ്ചായത്ത്) ആൽത്തറമൂട്-ആലത്തുകടവുറോഡ്, ഇരമം-മാമ്മത്തിക്കാവുറോഡ്, പളനി-കൊപ്പം-ആലിൻറെ മൂട് റോഡ് (നഗരൂർ പഞ്ചായത്ത്) എന്നിവയാണ്.

(ബി) കിളിമാനൂർ പഞ്ചായത്തിലെ ഇരുളുപച്ച-പുളിയമ്പള്ളിക്കോണം റോഡ് പൂർത്തിയായിട്ടുണ്ട്. ഇതിലേക്ക് 1,80,506 രൂപ ചെലവായിട്ടുണ്ട്.

(സി)

		എസ്റ്റിമേറ്റ് രൂപ
1.	വട്ടവാഘ ജംഗ്ഷൻ-ആറൂർ റോഡ്	5,37,000.00
2.	കണ്ണങ്കര-പനപ്പടംകുന്ന് റോഡ്	2,38,000.00
3.	വട്ടക്കാട്-ചാവരുപച്ച റോഡ്	1,72,000.00
4.	ആൽത്തറമൂട്-ആലത്തുകാവ് റോഡ്	90,000.00
5.	ഇരമം-മാമത്തിക്കാവ് റോഡ്	3.39,000.00
6.	പളനി-കൊപ്പം-ആലിൻറെ മൂടുറോഡ്	1,77,000.00

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വെള്ളനാട് ബ്ലോക്കിലെ ആർ.എൽ.ഇ.ജി.പി. സ്കീമിൽ ഉൾപ്പെടുത്തിയ റോഡുകൾ

1684 [2533] ശ്രീ. കെ. പങ്കജാക്ഷൻ: താഴക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1981-82, 1982-83, 1983-84, 1984-85, 1985-86 ഈ സാമ്പത്തിക വർഷങ്ങളിൽ തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ബ്ലോക്കിൽ ആർ.എൽ.ഇ.ജി.പി. യിൽ ഉൾപ്പെടുത്തി ഏറെറടുത്തിട്ടുള്ള റോഡ് പണികളുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള ലിസ്റ്റ് നൽകാമോ;

(ബി) ഇവയിൽ പൂർത്തീയായവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1981-82, 1982-83, 1983-84 കാലയളവിൽ ആർ.എൽ.ഇ.ജി. പദ്ധതിയില്ല. 1984-85-ൽ ഏറെറടുത്ത റോഡുകൾ താഴെ പറയുന്നവയാണ്.

1. തൊളിക്കോട് പഞ്ചായത്ത്
   മേൽത്തോട്ടം ട്രൈബൽ സെറ്റിൽമെൻറ് റോഡ്
2. പൂവച്ചൽ പഞ്ചായത്ത്
   ചായ്ക്കുളം-അറവൻകോണം-മകാരമല റോഡ്.
3. ആര്യനാട് പഞ്ചായത്ത്
   1. പേഴുംമൂട്-പുത്തൻപള്ളിറോഡ്
   2. പള്ളിവേട്ട-അത്തിയറ കൊണ്ണിയൂർറോഡ്.

LIBRARY ARCHIVES Kerala Legislative Assembly

1986–87–ൽ അനുവദിച്ച റോഡുകൾ:

ആര്യനാട് പഞ്ചായത്ത്

ഒന്നാംപാലം–പാറമുക്ക് റോഡ്

കുറ്റിച്ചൽ പഞ്ചായത്ത്

കോട്ടൂർ–കാപ്പുകാട് റോഡ്

ഉഴമലയ്ക്കൽ പഞ്ചായത്ത്

കാരനാട്–പരുത്തിക്കുഴി റോഡ്

(എ) 1. മേൽതോട്ടം ട്രൈബൽ സെറ്റിൽമെന്റ് റോഡ്.
2. പേഴുമൂട്–പുത്തൻപള്ളിറോഡ്
3. ചായ്ക്കുളം–അറവൻകോണം–മങ്കാരമല റോഡ്.

വെള്ളനാട് ബ്ലോക്കിൽ എൻ.ആർ.ഇ.പി.യിൽ ഉൾപ്പെടുത്തിയ റോഡു പണികൾ

1685 [2534] ശ്രീ. കെ. പങ്കജാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1981–82 മുതൽ 1985–86 വരെ തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ബ്ലോക്കിൽ എൻ.ആർ.ഇ.പി. യിൽ ഉൾപ്പെടുത്തിയ റോഡു പണികളിൽ പൂർത്തിയായവ ഏതൊക്കെ;

(ബി) ഇനിയും പൂർത്തിയാകാനുള്ളവയുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള ലിസ്റ്റ് നൽകാൻ തയ്യാറാകുമോ?

ഉത്തരം

(എ) വിവരം അനുബന്ധം 1–ൽ കൊടുത്തിരിക്കുന്നു. *

(ബി) അനുബന്ധം 2–ൽ കൊടുത്തിരിക്കുന്നു. *

ആർ.എൽ.ഇ.ജി.പി. സ്കീമിലെ റോഡുകൾ

1686 [2536] ശ്രീ. സി. ടി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986–87–ൽ ആർ.എൽ.ഇ.ജി.പി. യിൽ ഉൾപ്പെടുത്തി എത്ര പുതിയ റോഡുകൾ ഓരോ ബ്ലോക്കിലും ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 1986–87–ൽ പണി ആരംഭിക്കാൻ തീരുമാനിച്ച റോഡുകളുടെ പേരും, എസ്റ്റിമേറ്റ് സംഖ്യയും, റോഡിന്റെ നീളവും ബ്ലോക്കടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കൂടുതൽ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

* അനുബന്ധം IV

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly